## അൽമാഊൻ
(പരോപകാരവസ്തുക്കൾ)

سُورَةُ المَاعُونِ

അദ്ധ്യായം - 107

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. മതത്തെ വ്യാജമാക്കുന്നവനാരെന്ന് നീ കണ്ടുവോ?

أَرَءَيۡتَ ٱلَّذِي يُكَذِّبُ بِٱلدِّينِ ١

2,3.അനാഥക്കുട്ടിയെ തള്ളിക്കളയുകയും, പാവപ്പെട്ടവൻെറ ഭക്ഷണത്തിൻെറ കാര്യത്തിൽ പ്രോൽസാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്.[1]

فَذَٰلِكَ ٱلَّذِي يَدُعُّ ٱلۡيَتِيمَ ٢
وَلَا يَحُضُّ عَلَىٰ طَعَامِ ٱلۡمِسۡكِينِ ٣

4,–7.എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും, ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും, പരോപകാര വസ്തുക്കൾ[2] മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം.

فَوَيۡلٞ لِّلۡمُصَلِّينَ ٤
ٱلَّذِينَ هُمۡ عَن صَلَاتِهِمۡ سَاهُونَ ٥
ٱلَّذِينَ هُمۡ يُرَآءُونَ ٦
وَيَمۡنَعُونَ ٱلۡمَاعُونَ ٧

## അൽകൗഥർ
(ധാരാളം)

سُورَةُ الكَوۡثَرِ

അദ്ധ്യായം - 108

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. തീർച്ചയായും നിനക്ക് നാം ധാര

إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ١

---

[1] ഏത് കാലത്തും മതനിഷേധത്തിനും മതനിഷേധികൾക്കും വളം വെച്ചു കൊടുക്കുന്നത് ദൈവവിശ്വാസം ഉള്ളിൽ കടക്കാതെ മതത്തിൻെറ ബാഹ്യമായ ആചാരങ്ങൾ മാത്രം കൊണ്ടു നടക്കുന്ന ആളുകളാണ്. അനാഥകളുടെയും അഗതികളുടെയും രക്ഷയ്ക്കെത്താത്ത, അലക്ഷ്യമായി പ്രാർത്ഥന ഉരുവിടുന്ന, ചില്ലറ സേവനങ്ങൾ പോലും ചെയ്യാൻ കൂട്ടാക്കാത്ത ഭക്തിപ്രകടനക്കാർ മതത്തെപ്പറ്റിയുള്ള വിശ്വാസം തന്നെ കെടുത്തിക്കളയുന്നു.

[2] പരോപകാര മനസ്ഥിതിയുള്ള ആളുകൾ പരസ്പരം വായ്പ കൊടുക്കുന്ന വീട്ടുസാമാനങ്ങളും മറ്റും.

ളമായ നേട്ടം നൽകിയിരിക്കുന്നു.

فَصَلِّ لِرَبِّكَ وَٱنۡحَرۡ ۝٢

2. ആകയാൽ നീ നിന്റെ രക്ഷിതാവിനു വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ۝٣

3. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചു പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)[1]

## سُورَةُ الكَافِرُونَ

## അൽകാഫിറൂൻ
(സത്യനിഷേധികൾ)

### അദ്ധ്യായം - 109

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

قُلۡ يَٰٓأَيُّهَا ٱلۡكَٰفِرُونَ ۝١
لَآ أَعۡبُدُ مَا تَعۡبُدُونَ ۝٢

1,2.(നബിയേ,) പറയുക: അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചു വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല.

وَلَآ أَنتُمۡ عَٰبِدُونَ مَآ أَعۡبُدُ ۝٣

3. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

وَلَآ أَنَا۠ عَابِدٞ مَّا عَبَدتُّمۡ ۝٤

4. നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല.

وَلَآ أَنتُمۡ عَٰبِدُونَ مَآ أَعۡبُدُ ۝٥

5. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

لَكُمۡ دِينُكُمۡ وَلِيَ دِينِ ۝٦

6. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും.[2]

## سُورَةُ النَّصۡرِ

## അന്നസ്വ്ർ
(സഹായം)

### അദ്ധ്യായം - 110

---

1 നബി(ﷺ)ക്ക് ആൺമക്കളില്ലാത്തതിന്റെ പേരിൽ ശത്രുക്കൾ അദ്ദേഹത്തെ 'അബ്തർ' (വാലറ്റവൻ) അഥവാ പിൻഗാമിയില്ലാത്തവൻ എന്ന് വിളിച്ച് അപഹസിക്കാറുണ്ടായിരുന്നു. ഇതിനെ ഖണ്ഡിച്ചുകൊണ്ട്, നബി(ﷺ)യോട് വിദ്വേഷം പുലർത്തുന്നവൻ തന്നെയാണ് 'അബ്തർ' അഥവാ ഭാവി നഷ്ടപ്പെട്ടവൻ എന്ന് അല്ലാഹു ഉണർത്തുന്നു.

2 ഒരു സത്യവിശ്വാസി വിശ്വാസപരവും, ആരാധനാപരവുമായ തന്റെ വ്യതിരിക്തത നിലനിർത്തേണ്ടവനാണ്. ഏകദൈവത്വത്തിനെതിരായ ഒരു ആരാധനാരീതിയും അവന് സ്വീകരിക്കാവുന്നതല്ല.